പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2454 **27-10-2026-ൽ മറുപടിയ്ക്ക്**

ഓപ്പറേഷൻ ഗ്രീൻ ലീഫ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. സുധീർഷാ പാലോട്

ശ്രീ. രാജൻ. ജെ. പല്ലൻ

ശ്രീ. കെ. ബിനിമോൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) കഞ്ചാവ് കൃഷിക്കെതിരെ തയ്യാറാക്കിയ ഓപ്പറേഷൻ ഗ്രീൻ ലീഫ് പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ;

മറുപടി: വനമേഖലകളിലും മറ്റ് ഒറ്റപ്പെട്ട പ്രദേശങ്ങളിലും കഞ്ചാവ് കൃഷി നടത്താനുള്ള സാധ്യത നിലനിൽക്കുന്നതിനാൽ, ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും കഞ്ചാവ് കൃഷി കണ്ടെത്തി പൂർണ്ണമായി ഉന്മൂലനം ചെയ്യുന്നതിനുമായി ശക്തമായ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിച്ചു വരുന്നു. പാലക്കാട് ജില്ലയിലെ വനമേഖലകളിൽ നടത്തിയ പരിശോധനകളിൽ വൻതോതിൽ കൃഷി ചെയ്തിരുന്ന കഞ്ചാവ് ചെടികൾ കണ്ടെത്തി നശിപ്പിക്കുകയും കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. വനമേഖലകൾക്ക് പുറമേ, അന്യസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന തോട്ടം മേഖലകൾ, അവർ കൂട്ടമായി താമസിക്കുന്ന പ്രദേശങ്ങൾ, റബർ തോട്ടങ്ങൾ, കാടുപിടിച്ചുകിടക്കുന്ന പറമ്പുകൾ, റോഡ് പുറമ്പോക്കുകൾ എന്നിവിടങ്ങളിലും കഞ്ചാവ് ചെടികൾ നട്ടുവളർത്താനുള്ള സാധ്യത കണക്കിലെടുത്ത്, ഇത്തരം പ്രവർത്തനങ്ങൾ തുടക്കത്തിൽ തന്നെ കണ്ടെത്തി തടയുന്നതിനുള്ള നടപടികൾ എക്സൈസ് വകുപ്പ് സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് കഞ്ചാവ് കൃഷി തടയുന്നതിനും കൃഷിയിടങ്ങൾ കണ്ടെത്തി ചെടികൾ നശിപ്പിക്കുന്നതിനും അതിനു പിന്നിൽ പ്രവർത്തിക്കുന്നവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനുമായി **2026 ഒക്ടോബർ 5 മുതൽ നവംബർ 5 വരെ "ഓപ്പറേഷൻ ഗ്രീൻ ലീഫ്" (Operation Green Leaf)** എന്ന പേരിൽ സംസ്ഥാന വ്യാപകമായി സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു.

കഞ്ചാവ് കൃഷി കണ്ടെത്തിയിട്ടുള്ള മേഖലകൾ നിബിഡ വനപ്രദേശങ്ങളായതിനാലും മുൻകാലങ്ങളിൽ മാവോയിസ്റ്റ് സാന്നിധ്യം റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും, വനപാലകരുടെയും സായുധ പോലീസിന്റെയും സഹായത്തോടെയാണ് സംയുക്ത പരിശോധനകൾ നടത്തി വരുന്നത്. ഇതിനായി വനപ്രദേശങ്ങളുൾപ്പെടുന്ന ജില്ലകളിലെ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അതാത് ജില്ലാ കളക്ടർമാർ, ജില്ലാ മുഖ്യ വനപാലകർ, ജില്ലാ പോലീസ് മേധാവികൾ എന്നിവരുമായി നേരിട്ട് ബന്ധപ്പെട്ട് അനുയോജ്യമായ രീതിയിൽ സംയുക്ത റെയ്ഡുകൾ സംഘടിപ്പിച്ചു വരുന്നു.

(ബി) കഞ്ചാവ് കൃഷി കണ്ടെത്തി നശിപ്പിക്കാൻ നവംബർ 5 വരെ സംസ്ഥാനമാകെ സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കുമോ; വ്യക്തമാക്കാമോ;

മറുപടി: സംസ്ഥാനത്ത് കഞ്ചാവ് കൃഷി തടയുന്നതിനും കൃഷിയിടങ്ങൾ കണ്ടെത്തി കഞ്ചാവ് ചെടികൾ നശിപ്പിക്കുന്നതിനും അതിന പിന്നിൽ പ്രവർത്തിക്കുന്നവരെ നിയമത്തിന മുന്നിൽ കൊണ്ടുവരുന്നതിനുമായി എക്സൈസ് വകുപ്പ് 2026 ഒക്ടോബർ 5 മുതൽ നവംബർ 5 വരെ **"ഓപ്പറേഷൻ ഗ്രീൻലീഫ്" (Operation Green Leaf)** എന്ന പേരിൽ സംസ്ഥാന വ്യാപകമായി സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഓപ്പറേഷൻ ഗ്രീൻലീഫ് സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി നടത്തിയ പ്രത്യേക പരിശോധനകളിൽ 2026 ഒക്ടോബർ 5 മുതൽ ഒക്ടോബർ 24 വരെയുള്ള കാലയളവിൽ ആകെ 19 NDPS കേസുകൾ രജിസ്റ്റർ ചെയ്യുകയും 636 കഞ്ചാവ് ചെടികൾ കണ്ടെത്തി നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) വിവിധ ജില്ലകളിലെ വനമേഖലയിൽ കഞ്ചാവ് കൃഷി വാണിജ്യാടിസ്ഥാനത്തിൽ നടക്കുന്നുണ്ടെന്നുള്ള വിവരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മറുപടി: ഉണ്ട്. പാലക്കാട് ജില്ലയിലെ അട്ടപ്പാടി, അഗളി വനമേഖലകളിൽ കഞ്ചാവ് കൃഷി നടക്കുന്നുണ്ടെന്ന രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പ് നടത്തിയ പരിശോധനകളിൽ വൻതോതിൽ കൃഷി ചെയ്തിരുന്ന കഞ്ചാവ് ചെടികൾ കണ്ടെത്തി നശിപ്പിക്കുകയും കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ